# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04-08-2026**

### പ്രധാനവാർത്തകൾ

1. പ്രതിപക്ഷ പ്രതിഷേധം മൂലം പാർലമെൻറിൻറെ ഇരുസഭകളും ഇന്നും തടസ്സപ്പെട്ടു; രണ്ട് മണിക്ക് വീണ്ടും ചേരും; സുപ്രധാന നിയമനിർമാണ ബില്ലുകൾ പരിഗണനയിൽ.
2. സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; 12 ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.
3. മഴക്കെടുതി നേരിട്ട് വിലയിരുത്താൻ മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് പത്തനംതിട്ടയിൽ; റാന്നി, കോന്നി മേഖലകളിൽ വെള്ളപ്പൊക്കത്തിന് നേരിയ ശമനം; തിരുവല്ലയും ആറന്മുളയും ഇപ്പോഴും വെള്ളത്തിൽ.
4. കോട്ടയത്തും താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് തുടരുന്നു; ജില്ലയിലെ 114 ദുരിതാശ്വാസ ക്യാമ്പുകളിലായി കഴിയുന്നത് 3,714 പേർ.
5. അധിക്ഷേപകരമായ പരാമർശം നടത്തിയെന്ന കേസിൽ തമിഴ്നാട് പ്രതിപക്ഷ നേതാവ് ഉദയനിധി സ്റ്റാലിൻ പോലീസ് കസ്റ്റഡിയിൽ.
6. കൊറിയ മാസ്റ്റേഴ്സ് ബാഡ്മിൻ്റൺ ടൂർണമെൻ്റിന് ഇന്ന് തുടക്കം; ഇന്ത്യയുടെ തൻവി ശർമ്മയും കിഡംബി ശ്രീകാന്തും കളത്തിലിറങ്ങും

*************************

RNU TVPM

## പാർലമെൻറ്

നീറ്റ് വിഷയത്തിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നും തടസ്സപ്പെട്ടു. സമ്മേളനം രണ്ട് മണിക്ക് പുനരാരംഭിക്കും. 12 മണിക്ക് പുനരാരംഭിച്ച രാജ്യസഭാ നടപടികൾ കുറച്ചു നേരം തുടർന്നെങ്കിലും ബഹളം രൂക്ഷമായതോടെ നിർത്തിവച്ചു. സുപ്രധാന നിയമനിർമാണ ബില്ലുകൾ ഇന്ന് പാർലമെന്റിന്റെ പരിഗണനയിലുണ്ട്. ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ബിൽ ഇന്ന് രാജ്യസഭ പരിഗണിക്കും.

************************

## മംഗൾ മിലൻ

ദേശീയ ജനാധിപത്യ സഖ്യത്തിന്റെ പ്രതിവാര യോഗമായ മംഗൾ മിലൻ, പാർലമെന്റ് ഹൗസിൽ ചേർന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ അടക്കമുള്ള നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. പാർലമെന്റ് സമ്മേളനം നടക്കുമ്പോൾ ചൊവ്വാഴ്ചകളിലാണ് യോഗങ്ങൾ നടക്കുന്നത്. തൃണമൂൽ വിമതർ രൂപീകരിച്ച നാഷണലിസ്റ്റ് സിറ്റിസൺസ് പാർട്ടി ഓഫ് ഇന്ത്യയിലെ എംപിമാരും യോഗത്തിൽ പങ്കെടുത്തു.

************************

RNU TVPM

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 12 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം , കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. മഴയുടെ പശ്ചാത്തലത്തിൽ ഇന്ന് 10 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്. പി എസ് സി ഇന്നത്തെയും 5,6,10 തീയതികളിലെയും ഓൺലൈൻ OMR പരീക്ഷകൾ മാറ്റിവച്ചു. ബീറ്റ് ഫോറെസ്റ്റ് ഓഫിസർ തസ്തികയിലേക്ക് നടത്താനിരുന്ന കായിക ക്ഷമത പരീക്ഷയും

മാറ്റിയിട്ടുണ്ട്. സംസ്ഥാനത്താകെ പതിമൂവായിരത്തിലേറെ പേരാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. മഴക്കെടുതികളിൽ പതിനാറു പേർ മരിച്ചതായും ഔദ്യോഗിക സ്ഥിരീകരണമുണ്ട്. മഴ തുടരുന്നയിടങ്ങളിൽ വിവിധ നദികളിലെയും അണക്കെട്ടുകളിലെയും ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. മണ്ണിടിച്ചിൽ , മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കേണ്ടതാണ്.

************************

## മഴ - പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ മഴ തുടരുന്നു. മുഖ്യമന്ത്രി വിഡി സതീശൻ ജില്ലയിലെ ദുരിത ബാധിതപ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി ആറന്മുളയിലെത്തി. അല്പസമയത്തിനകം മുഖ്യമന്ത്രി ദുരിതാശ്വാസ ക്യാമ്പുകളിലെത്തി വിവരങ്ങൾ നേരിട്ട് മനസ്സിലാക്കും. കോഴഞ്ചേരിയിൽ നടക്കുന്ന അവലോകനയോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും. മന്ത്രി വിഷ്ണുനാഥും അദ്ദേഹത്തോടൊപ്പമുണ്ട്. കോന്നി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ മുഖ്യമന്ത്രി സന്ദർശിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയ്സ്)**

PNUTVPM

************************

## മഴ - ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ മഴക്കെടുതി മാറ്റമില്ലാതെ തുടരുന്നു. ചെങ്ങന്നൂരിലാണ് വെള്ളപ്പൊക്ക ദുരിതം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. പാണ്ടനാട് വെള്ളക്കെട്ടിൽ വീണ് ഒരാൾ മരിച്ചു. തീരദേശങ്ങളിൽ കടൽക്ഷോഭവും രൂക്ഷമാണ്. **ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്....)**

************************

## കോട്ടയം - മഴ (ഇൻട്രോ)

കോട്ടയം ജില്ലയിൽ രാത്രിയിൽ മഴയ്ക്ക് ശമനം ഉണ്ടായിരുന്നെങ്കിലും രാവിലെ മുതൽ ചിലയിടങ്ങളിൽ മഴ പെയ്യുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ...**

**(വോയ്സ്)**

**************************

## കാസർഗോഡ് (ഇൻട്രോ)

ശക്തമായ മഴയിലും കാറ്റിലും കാസർഗോഡ് ജില്ലയിൽ വ്യാപക നാശനഷ്ടം. ദുരിതബാധിത പ്രദേശങ്ങളിൽ പ്രത്യേക സംഘത്തിന്റെ സന്ദർശനം ആരംഭിച്ചു. കാസർഗോടിന്റെ തീരദേശ മേഖലയെ മഴ സാരമായി ബാധിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ....**

**( വോയിസ്....)**

**************************

PNU TVPM

## കണ്ണൂർ തിരച്ചിൽ

കണ്ണൂരിൽ ഒഴുക്കിൽപ്പെട്ട് കാണാതായ മണത്തണ കാഞ്ഞിരപ്പുഴ സ്വദേശി വി.പി ഹനീഫയുടെ മൃതദേഹം കണ്ടെടുത്തു. തിരുവനന്തപുരം കല്ലിയൂർ സ്വദേശി ആർ. രാജേഷിനായുള്ള തിരച്ചിൽ ശക്തമാക്കിയിട്ടുണ്ട്. ചെറുപുഴ കാര്യങ്കോട് പുഴയിലെ മീന്തുള്ളിയിൽ നിന്നാണ് രാജേഷിനെ കാണാതായത്.

**************************

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇത്തവണയും രാജ്യത്തുടനീളം ഹർ ഘർ തിരംഗ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം. ഈ മാസം 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

**************************

## കണ്ണൂർ സിബിസി പരിപാടി

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കണ്ണൂർ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനും ഇരിട്ടി ഐ.സി.ഡി.എസും സംയുക്തമായി സമഗ്ര ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. നാളെയും മറ്റന്നാളുമായി കണ്ണൂർ ഇരിട്ടിയിലാണ് പരിപാടി. വിബി ജി റാംജി നിയമം, ഭാരതീയ ന്യായ സംഹിത, എന്നിവയെ കുറിച്ചുള്ള ചർച്ചകളും വിവിധ മത്സരങ്ങളും സംഘടിപ്പിക്കും.

************************

## ഉദയനിധി കസ്റ്റഡി

അധിക്ഷേപകരമായ പരാമർശം നടത്തിയെന്ന കേസിൽ തമിഴ്നാട് പ്രതിപക്ഷ നേതാവ് ഉദയനിധി സ്റ്റാലിനെ പോലീസ് കസ്റ്റഡിയിൽ എടുത്തു. അറസ്റ്റ് ചെയ്യാനെത്തിയ പോലീസ് വാഹനം DMK പ്രവർത്തകർ തടഞ്ഞതോടെ പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. കാവേരി വിഷയത്തിലെ ഡിഎംകെ പ്രതിഷേധത്തിനിടെയായിരുന്നു ഉദയനിധിയുടെ ദ്വയാർത്ഥ പ്രയോഗം.

************************

## ബാഡ്മിന്റൺ

കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിന് തുടക്കമായി. ദക്ഷിണ കൊറിയയിലെ അസാനിൽ ഈ മാസം ഒമ്പതാം തീയതി വരെയാണ് മത്സരം. വനിതാ സിംഗിൾസിൽ തായ്പേയ് ഓപ്പൺ ജേതാവ് തൻവി ശർമ്മയും ,പുരുഷ സിംഗിൾസിൽ മുൻ ലോക ഒന്നാം നമ്പർ താരം കിഡമ്പി ശ്രീകാന്തുമാണ് ഇന്ത്യയെ നയിക്കുന്നത്. വിശ്രമത്തിലായതിനാൽ പി വി സിന്ധുവും പരിക്കുമൂലം സാത്വിക്സായിരാജ് - ചിരാഗ് ഷെട്ടി സഖ്യവും ടൂർണമെന്റിൽ കളിക്കുന്നില്ല.

************************

RNU TVPM

## പച്ചമലയാളം

സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പച്ചമലയാളം കോഴ്സിലേക്ക് ഈ മാസം 15 വരെ രജിസ്റ്റർ ചെയ്യാം. മലയാളം മീഡിയത്തിൽ പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്ന വർക്കുമാണ് അവസരം. ഒരുവർഷത്തെ കോഴ്സിലേക്ക് അപേക്ഷിക്കാൻ 17 വയസ് പൂർത്തിയായിരിക്കണം.

************************

## ഗുരുവായൂർ വെർച്വൽ ക്യൂ

ഗുരുവായൂർ ക്ഷേത്രത്തിൽ വെർച്വൽ ക്യൂ വഴിയുള്ള ദർശനം തുടങ്ങി. പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ചൊവ്വാഴ്യും വ്യാഴാഴ്ച്ചയുമാണ് ദർശനം. രാവിലെ 7 മുതൽ ഉച്ചയ്ക്ക് രണ്ട് വരെയും വൈകിട്ട് 4 മുതൽ 6 വരെയുമാണ് വെർച്വൽ ക്യൂ ദർശന സൗകര്യം ലഭിക്കുക.

************************

PNU TVPM

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 115 പോയിന്റ് ഇടിഞ്ഞ് 78,521 ലും നിഫ്റ്റി 239 പോയിന്റ് നഷ്ടത്തിൽ 24,535 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 160 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,600 രൂപയും ഗ്രാമിന് 13,200 രൂപയുമാണ് ഇന്നത്തെ വില.

************************

## പോലീസ് - വാഹനലേലം

കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ വർഷങ്ങളായി സൂക്ഷിച്ചിരിക്കുന്ന ഉടമസ്ഥരില്ലാത്ത 484 വാഹനങ്ങൾ പൊതു ഇ-ലേലം ചെയ്യുന്നു. വാഹനങ്ങളുടെ യഥാർത്ഥ ഉടമസ്ഥർ ആവശ്യമായ രേഖകൾ സഹിതം സ്റ്റേഷൻ ഹൗസ് ഓഫിസർമാരുമായി ബന്ധപ്പെടേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

************************

## നിര്യാതനായി

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡണ്ട് ആയിരുന്ന സി.പി. നാരായണൻ നമ്പ്യാർ നിര്യാതനായി . 97 വയസ്സായിരുന്നു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം പയ്യാമ്പലത്ത് നടക്കും

*************************

## ഇറാൻ അമേരിക്ക

അമേരിക്കയുമായി കരാറിലെത്താൻ ഇറാന് ഒരവസരം കൂടി നൽകിയതായി പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാന്റെ അഭ്യർത്ഥന പ്രകാരമാണ് ചർച്ചകൾ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, അമേരിക്കയുമായി യാതൊരുവിധ ചർച്ചകളും നടക്കുന്നില്ലെന്ന് ഇറാൻ വ്യക്തമാക്കി. ഹോർമുസ് കടലിടുക്കുമായി ബന്ധപ്പെട്ട ചർച്ചകൾ മാത്രമാണ് നടക്കുന്നതെന്നാണ് ഇറാന്റെ പക്ഷം.

*************************

## പഴശ്ശി ജലസംഭരണി

കനത്ത മഴയെ തുടർന്ന് കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസംഭരണിയിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചു. ഇതിനെ തുടർന്ന് സംഭരണിയുടെ ആകെയുള്ള 16 ഷട്ടറുകളിൽ 15 എണ്ണവും തുറന്നിട്ടുണ്ട് .

************************************************************************

*************************

RNU TVPM